## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4448

26.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### തീരദേശവാസികളുടെ പാർപ്പിട ഭൂമിക്ക് പട്ടയം

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ.കെ.എൻ.എ.ഖാദർ
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) തീരദേശവാസികളുടെ വിശിഷ്യ മത്സ്യ ത്തൊഴിലാളികളുടെ പാർപ്പിട ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ; | (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(5), 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ പതിവ് ചട്ടം 6(3) എന്നിവയുള്ള കുറിപ്പുകൾ പ്രകാരം സമുദ്ര തീരത്ത് ഉയർന്ന ജലപരിധിയ്ക്ക് 100 അടി വിസ്തൃതിയിലുള്ള സ്ഥലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനായി താൽക്കാലിക പട്ടയം നൽകാവുന്നതാണ്. മേൽ ചട്ടങ്ങൾ പ്രകാരം സമുദ്രതീരത്ത് നിന്ന് 100 അടി മാറിയും, ഹൈവാട്ടർ മാർക്കിൽ നിന്നും നാല് ഫർലോങ്ങിനുള്ളിലുമുള്ള പ്രദേശത്ത് ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് മുൻഗണന നൽകണമെന്നും വ്യവസ്ഥയുണ്ട്. ആയതിനാൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് തടസ്സമില്ല. എന്നാൽ നിലവിലെ കോസ്റ്റൽ റെഗുലേഷൻ സോൺ(CRZ) നിയമപ്രകാരം ഹൈ ടൈഡ് ലെവൽ (HTL)-ൽ നിന്നും 100 മീറ്ററിനുള്ളിൽ വീടുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുതെന്ന് നിഷ്കർഷിച്ചിരിക്കുന്നു. |
| (ബി) മത്സ്യത്തൊഴിലാളികൾ തൊഴിലിന്റെ ഭാഗമായി തീരദേശത്ത് തുടരാൻ നിർബന്ധിതരാണെന്ന വസ്തുത കണക്കി ലെടുത്തിട്ടുണ്ടോ; | (ബി) മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തീരദേശത്ത് തുടരാൻ ആഗ്രഹിക്കുന്നുവെങ്കിലും കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) നിയമ പ്രകാരമുള്ള തടസ്സം നിലനിൽക്കുന്നു. |
| (സി) പട്ടയമില്ലാത്തത് കാരണം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുന്ന സാഹ ചര്യത്തിൽ ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) വിശദമായ പരിശോധനയ്ക്ക് ശേഷം ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ